**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1549** **01-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നതിനായുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ മടയാംതോട് പുറമ്പോക്ക് കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം വകുപ്പ് മന്ത്രിമാരുടെയും ആലപ്പുഴ എം.എൽ.എയുടെയും സാന്നിദ്ധ്യത്തിൽ 05.07.2023-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ടി വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്.<br><br>A) മടയാംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.<br><br>1. ശ്രീ. അനു എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ - കൺവീനർ<br><br>2. ശ്രീ. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ് - അംഗം<br><br>3. ശ്രീ.രഞ്ജൻ രാജ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് -അംഗം<br><br>4. ശ്രീ.സുനിൽ രാജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചന വകുപ്പ് -അംഗം<br><br>B) പ്രസ്തുത കമ്മിറ്റി എത്രയും വേഗം യോഗം ചേർന്ന്, ജില്ലാ കളക്ടർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടും ഈ വിഷയം ബാധിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചുള്ള രേഖകൾ/ വിശദാംശങ്ങൾ, പുറമ്പോക്ക് ഭൂമിയുടെ നിലവിലെ അവസ്ഥ, തോട് പുറമ്പോക്ക് പുഴ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച |

ബഹു. കോടതി വിധികൾ എന്നിവയും പരിശോധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഒരു റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

ടി യോഗത്തിലെ തീരുമാനം 1 ന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിന് ടി അംഗങ്ങളുടെ സാന്നിധ്യത്തിൽ 11.07.2023 ൽ രാവിലെ 11 മണിയ്ക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചേമ്പറിൽ വച്ച് കമ്മിറ്റി കൺവീനറായ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഭൂമി പതിവ് വിഭാഗത്തിലെ അസിസ്റ്റന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുള്ളതും ടി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്.

1) കോമളപുരം വില്ലേജിനെ ഡിജിറ്റൽ റീസർവ്വെയിൽ ഉൾപ്പെടുത്തുന്നതിനും, ആയതിലൂടെ ടി മടയാംതോട് ഉൾപ്പെടുന്ന പുറമ്പോക്ക് സ്ഥലം യഥാർത്ഥ ഭൂ വിനിയോഗം കണക്കിലെടുത്ത് സെറ്റിൽ ചെയ്യുന്നതിനും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2) മടയാംതോട് പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കി സംരക്ഷിക്കുന്നതിന് ബഹു. ഹൈക്കോടതി 01/02/21 തീയതിയിലെ WP(C) 5756/2017-ാം നമ്പർ റിട്ട് പെറ്റീഷനിൽ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി മേഖലയിൽ പട്ടയം അനുവദിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു.

3) മടയാംതോട് കിഴക്ക് വേമ്പനാട്ട് കായൽ മുതൽ പടിഞ്ഞാറ് എസി കായൽ വരെ ഏകദേശം 2.7 കിലോമീറ്റർ നീളമുള്ള തോട് ( 20 മീറ്റർ വീതി നിലനിർത്തി) ഇറിഗേഷൻ അധികൃതർ വൃത്തിയാക്കുന്നതിനും തീരുമാനിച്ചു.

4) പ്രസ്തുത തോടിന്റെ നിലവിലെ വീതി ചിലയിടങ്ങളിൽ 15 മീറ്റർ മാത്രമെയുള്ളു. ആയത് 20 മീറ്ററാക്കി പുനർക്രമീകരിക്കുന്നതിനും, 1964 ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങളിലെ ചട്ടം 11 (2) (5) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നീർച്ചാലുകളുടെ ഇരുവശങ്ങളിലും പതിനഞ്ച് ലിംഗിസിനുള്ളിൽ (3.017 മീറ്റർ) വരുന്ന സ്ഥലങ്ങൾ പതിവിന് വിധേയമല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിലെ തോടിന്റെ ഇരു കരകളിലും 3.07 മീറ്റർ വീതിയിൽ ബഫർ സോണായി നിലനിർത്തുവാൻ തീരുമാനിച്ചു.

| | | | |
|---|---|---|---|
| | | | 5) മടയാംതോട് ഉൾപ്പെടുന്ന തോട് പുറമ്പോക്ക് മേഖലയിൽ പുതുതായി കൈയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ലായെന്ന് ആര്യാട്, മണ്ണാഞ്ചേരി പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തേണ്ടതും, തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.<br><br>11.07.2023 ൽ നടന്ന യോഗത്തിനെ തുടർന്ന് സ്വീകരിച്ച നടപടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.10.2023 ന് നടന്ന ആലപ്പുഴ ജില്ലയുടെ പട്ടയ ഡാഷ് ബോർഡ് അദാലത്തിൽ മടയാംതോടുമായി ബന്ധപ്പെട്ട വിഷയത്തിൽ മടയാംതോട് പുറമ്പോക്കിന്റെ റീസർവ്വെ നടപടികൾ ഒരു മാസത്തിനകം പൂർത്തിയാക്കി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി യോഗത്തിലെ 2,3,4,5, തീരുമാനങ്ങളിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മടയാംതോട് നിവാസികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അതിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ മടയാംതോട് പുറമ്പോക്ക് കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം വകുപ്പ് മന്ത്രിമാരുടെയും ആലപ്പുഴ എം.എൽ.എയുടെയും സാന്നിദ്ധ്യത്തിൽ 05.07.2023-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ടി വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതാണ്.<br><br>A) മടയാംതോട് കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.<br><br>1. ശ്രീ. അനു എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ - കൺവീനർ<br><br>2. ശ്രീ. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ് - അംഗം<br><br>3. ശ്രീ.രഞ്ജൻ രാജ്, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് -അംഗം<br><br>4. ശ്രീ.സുനിൽ രാജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചന വകുപ്പ് -അംഗം |

B) പ്രസ്തുത കമ്മിറ്റി എത്രയും വേഗം യോഗം ചേർന്ന്, ജില്ലാ കളക്ടർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടും ഈ വിഷയം ബാധിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചുള്ള രേഖകൾ/ വിശദാംശങ്ങൾ, പുറമ്പോക്ക് ഭൂമിയുടെ നിലവിലെ അവസ്ഥ, തോട് പുറമ്പോക്ക് പുഴ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച ബഹു. കോടതി വിധികൾ എന്നിവയും പരിശോധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഒരു റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

ടി യോഗത്തിലെ തീരുമാനം 1 ന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിന് ടി അംഗങ്ങളുടെ സാന്നിധ്യത്തിൽ 11.07.2023 ൽ രാവിലെ 11 മണിയ്ക്ക് അസിസ്റ്റന്റ് കമ്മീഷണറുടെ ചേമ്പറിൽ വച്ച് കമ്മിറ്റി കൺവീനറായ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഭൂമി പതിവ് വിഭാഗത്തിലെ അസിസ്റ്റന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുള്ളതും ടി യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്.

1) കോമളപുരം വില്ലേജിനെ ഡിജിറ്റൽ റീസർവ്വെയിൽ ഉൾപ്പെടുത്തുന്നതിനും, ആയതിലൂടെ ടി മടയാംതോട് ഉൾപ്പെടുന്ന പുറമ്പോക്ക് സ്ഥലം യഥാർത്ഥ ഭൂ വിനിയോഗം കണക്കിലെടുത്ത് സെറ്റിൽ ചെയ്യുന്നതിനും സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2) മടയാംതോട് പുറമ്പോക്ക് ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിലാക്കി സംരക്ഷിക്കുന്നതിന് ബഹു. ഹൈക്കോടതി 01/02/21 തീയതിയിലെ WP(C) 5756/2017-ാം നമ്പർ റിട്ട് പെറ്റീഷനിൽ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി മേഖലയിൽ പട്ടയം അനുവദിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു.

3) മടയാംതോട് കിഴക്ക് വേമ്പനാട്ട് കായൽ മുതൽ പടിഞ്ഞാറ് എസി കായൽ വരെ ഏകദേശം 2.7 കിലോമീറ്റർ നീളമുള്ള തോട് ( 20 മീറ്റർ വീതി നിലനിർത്തി) ഇറിഗേഷൻ അധികൃതർ വൃത്തിയാക്കുന്നതിനും തീരുമാനിച്ചു.

4) പ്രസ്തുത തോടിന്റെ നിലവിലെ വീതി ചിലയിടങ്ങളിൽ 15 മീറ്റർ മാത്രമെയുള്ളൂ. ആയത് 20 മീറ്ററാക്കി പുനർക്രമീകരിക്കുന്നതിനും, 1964 ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങളിലെ ചട്ടം 11 (2) (5) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നീർച്ചാലുകളുടെ

| | | | |
|---|---|---|---|
| | | | ഇരുവശങ്ങളിലും പതിനഞ്ച് ലിംഗിസിനുള്ളിൽ (3.017 മീറ്റർ) വരുന്ന സ്ഥലങ്ങൾ പതിവിന് വിധേയമല്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിലവിലെ തോടിന്റെ ഇരു കരകളിലും 3.07 മീറ്റർ വീതിയിൽ ബഫർ സോണായി നിലനിർത്തുവാൻ തീരുമാനിച്ചു.<br><br>5) മടയാംതോട് ഉൾപ്പെടുന്ന തോട് പുറമ്പോക്ക് മേഖലയിൽ പുതുതായി കൈയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ലായെന്ന് ആര്യാട്, മണ്ണാഞ്ചേരി പഞ്ചായത്ത് അധികൃതർ ഉറപ്പ് വരുത്തേണ്ടതും, തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.<br><br>11.07.2023 ൽ നടന്ന യോഗത്തിനെ തുടർന്ന് സ്വീകരിച്ച നടപടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.10.2023 ന് നടന്ന ആലപ്പുഴ ജില്ലയുടെ പട്ടയ ഡാഷ് ബോർഡ് അദാലത്തിൽ മടയാംതോടുമായി ബന്ധപ്പെട്ട വിഷയത്തിൽ മടയാംതോട് പുറമ്പോക്കിന്റെ റീസർവ്വെ നടപടികൾ ഒരു മാസത്തിനകം പൂർത്തിയാക്കി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി യോഗത്തിലെ 2,3,4,5, തീരുമാനങ്ങളിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

I/5801092/2023

**ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ കോമളപുരം വില്ലേജിൽ മടയാംതോട് പുറമ്പോക്ക് കയ്യേറ്റക്കാർക്ക് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു.ജലവിഭവം, തദ്ദേശസ്വയംഭരണം, നിയമം വകുപ്പ് മന്ത്രിമാരുടെയും ബഹു.ആലപ്പുഴ എം.എൽ.എയുടെയും സാന്നിദ്ധ്യത്തിൽ 05.07.2023ന് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്**

യോഗം രാവിലെ 10.10 ന് ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

ആമുഖമായി സംസാരിച്ച ബഹു.റവന്യൂ വകുപ്പ മന്ത്രി, മടയാം തോടിനു സമീപമുള്ള കൽക്കെട്ടും റോഡും കഴിഞ്ഞിട്ടുള്ള ഭാഗത്താണ് കയ്യേറ്റമെന്നും സമാനമായ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ കണയന്നൂരും ആലപ്പുഴ ജില്ലയിലെ തകഴിയിലും ബഹു.ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ചും പുഴ/തോട് പുറമ്പോക്ക് പതിച്ചു നൽകുന്നതിന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും പരാമർശിച്ചു. എന്നാൽ മടയാം തോട് പുറമ്പോക്കിന്റെ കാര്യത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് W.P.(C)5756/2017 നമ്പർ കേസിൽ 01/02/2021 ൽ ബഹു.ഹൈക്കോടതി ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച് കയ്യേറ്റ ഭൂമി പതിച്ചു നൽകുന്ന കാര്യം പരിഗണിയ്ക്കുവാൻ സാധിക്കുകയില്ല എന്നും ബഹു.ഹൈക്കോടതി വിധിന്യായത്തിനെതിരെ സർക്കാരിന് അപ്പീൽ നൽകാനും നിർവ്വാഹമില്ല എന്നും ടി പുറമ്പോക്കിലെ താമസക്കാരായ കക്ഷികളാരും തന്നെ അപ്പീലുമായി ബഹു.കോടതിയെ സമീപിച്ചതായി അറിവില്ല എന്നും ബഹു. റവന്യൂ വകുപ്പ മന്ത്രി ശ്രദ്ധയിൽപ്പെടുത്തി. നൂറോളം കുടുംബങ്ങൾക്ക് വീടും ജീവിതസാഹചര്യങ്ങളും നഷ്ടപ്പെടുന്ന വിഷയമാകയാൽ ഈ സാമൂഹ്യപ്രശ്നം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് ആലോചിക്കേണ്ടതെന്ന് ബഹു. റവന്യൂ വകുപ്പ മന്ത്രി അറിയിച്ചു.

മടയാം തോട്, ജലഗതാഗതത്തിന് വേണ്ടി വർഷങ്ങൾക്ക് മുൻപ് നിർമ്മിക്കപ്പെട്ടതും ആ കാലങ്ങളിൽ ടി ആവശ്യത്തിനായി ഉപയോഗിച്ചിരുന്നതുമാണെങ്കിലും ഇന്ന് ടി ആവശ്യത്തിന് പ്രസക്തിയില്ലെന്ന് ബഹു.ആലപ്പുഴ എം.എൽ.എ അറിയിച്ചു. W.P(C)5756/2017 നമ്പർ കേസിലെ 01/02/2021 ലെ വിധിന്യായത്തിനെതിരെ ഗ്രാമപഞ്ചായത്ത് അപ്പീൽ സമർപ്പിക്കാതിരുന്നതാണ് നിലവിലെ സ്ഥിതി സംജാതമാകാൻ കാരണമെന്ന് ബഹു.എം.എൽ.എ അഭിപ്രായപ്പെട്ടു. കയ്യേറ്റം ഒഴിപ്പിക്കേണ്ടി വരുന്ന സ്ഥലത്ത് നൂറോളം കുടുംബങ്ങൾ താമസിക്കുന്നതായും രണ്ട് അംഗനവാടികൾ പ്രവർത്തിക്കുന്നതായും 14 പേർക്ക് ലൈഫ് പദ്ധതിയിൽ വീട്



Generated from eOffice by JAYASREE B S, ASST (M2) REV, ASST (M2) REV, RD on 30/01/2024 12:14 PM

I/5801092/2023

കൊട്ടുത്തുവെങ്കിലും മറ്റുള്ളവർക്ക് വീട് നഷ്ടപ്പെട്ടുമെന്നതിനാൽ അവരെ കുടിയൊഴിപ്പിക്കാതെ സംരക്ഷിക്കുന്ന തരത്തിലോ അവർക്ക് ജീവിതമാർഗ്ഗം ഒരുക്കിക്കൊടുക്കുന്ന വിധത്തിലോ നിയമപരമായി തീരുമാനമെടുക്കണമെന്നും ബഹു. എം.എൽ.എ അഭ്യർത്ഥിച്ചു.

തോട് പ്രകൃത്യായുള്ളതല്ലെന്നും മറിച്ച് മനുഷ്യനിർമ്മിതമാണെന്നും എഫ്.എം.ബി പ്രകാരം തോടിന്റെ വീതി 40 മീറ്ററാണെങ്കിലും നിലവിലെ വീതി 20മീറ്ററാണെന്നും ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുകയാണെങ്കിൽ 1990കളിൽ പട്ടയം കൊടുത്തവരെയും ഒഴിപ്പിക്കേണ്ടി വരുമെന്നും ആലപ്പുഴ എൽ.ആർ ഡെപ്യൂട്ടി കളക്ടർ അറിയിച്ചു.

1990കളിൽ കൊടുത്ത പട്ടയങ്ങളെ ജലസ്രോതസ്സുകൾക്കരികിലുള്ള ഭൂമി ഒഴിപ്പിക്കുന്നതു സംബന്ധിച്ച് പിന്നീട് വന്ന ബഹു.സുപ്രീം കോടതി ഉത്തരവ് ബാധിക്കാനിടയില്ലെന്നും ഇതിന്റെ നിയമവശം പരിശോധിക്കണമെന്നും ബഹു.നിയമവകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

തോട്ട പുറമ്പോക്ക്, ആറ്റ പുറമ്പോക്ക് എന്നിവയുടെ സ്ഥിതി ഓരോ സ്ഥലത്തും വിഭിന്നങ്ങളാണ് എന്നും കയ്യേറ്റങ്ങളുടെ കാലപ്പഴക്കവും ഇപ്പോഴത്തെ പുറമ്പോക്കിന്റെ സ്ഥിതിയും വിശദമായി പരിശോധിച്ച വേണം ഈക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും ബഹു. ജലവിഭവ വകുപ്പ മന്ത്രി അഭിപ്രായപ്പെട്ടു.

28 January, 2011 ലെ Jagpal Singh & Ors vs State Of Punjab & Ors കേസിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ്വ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാർ, സ്കൂൾ, ഡിസ്പെൻസറി, പബ്ലിക് യൂട്ടിലിറ്റി തുടങ്ങിയ വിഭാഗങ്ങൾക്ക് ഇളവുണ്ടെന്നും ആയത് ഈ കേസിൽ ബാധകമാകുന്ന കാര്യം പരിശോധിക്കണമെന്നും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി നിർദ്ദേശിച്ചു.

റവന്യൂ ജലവിഭവം, തദ്ദേശ സ്വയംഭരണം, നിയമം എന്നീ 4 വകുപ്പുകളിൽ നിന്നുമുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാമെന്നും, ടി കമ്മിറ്റി, ജില്ലാ കളക്ടർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടും ഈ വിഷയം ബാധിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചുള്ള രേഖകൾ/വിശദാംശങ്ങൾ, പുറമ്പോക്ക് ഭൂമിയുടെ നിലവിലെ അവസ്ഥ, തോട് പുറമ്പോക്ക്/പുഴപുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച ബഹു. കോടതി വിധികൾ എന്നിവയും പരിശോധിച്ച്, ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതാവും ഉചിതമെന്നും ബഹു.റവന്യൂ വകുപ്പ മന്ത്രി അഭിപ്രായപ്പെട്ടു.

വിശദമായ ചർച്ചയ്ക്കൊടുവിൽ ഈ വിഷയത്തിൽ ചുവടെ പറയുന്ന തീരുമാനമെടുത്തു

<u>തീരുമാനം</u>

A) മടയാം തോട് കയ്യേറ്റവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു.

1.ശ്രീ.അനു.എസ്.നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ- കൺവീനർ

2. ശ്രീ.പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ് - അംഗം

3.ശ്രീ.രഞ്ജൻ രാജ് , ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് -അംഗം

4ശ്രീ.സുനിൽ രാജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജലസേചന വകുപ്പ് -അംഗം

B) പ്രസ്തുത കമ്മിറ്റി എത്രയും വേഗം യോഗം ചേർന്ന്, ജില്ലാ കളക്ടർ ഈ വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്ന റിപ്പോർട്ടും ഈ വിഷയം ബാധിക്കുന്ന കുടുംബങ്ങളെ സംബന്ധിച്ചുള്ള രേഖകൾ/വിശദാംശങ്ങൾ, പുറമ്പോക്ക് ഭൂമിയുടെ നിലവിലെ അവസ്ഥ, തോട് പുറമ്പോക്ക്/പുഴപുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച ബഹു. കോടതി വിധികൾ എന്നിവയും പരിശോധിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (നടപടി : ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)



Generated from eOffice by JAYASREE B S, ASST (M2) REV, ASST (M2) REV, RD on 30/01/2024 12:14 PM

I/5801092/2023

യോഗം 10.45ന് അവസാനിച്ചു

<u>യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ്</u>

1. ശ്രീ. ഹരി നായർ , സെക്രട്ടറി, നിയമ വകുപ്പ്
2. ഡോ.എ.കൗശിഗൻ ഐ.എ.എസ്, ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
3. ശ്രീ.ഗോപകുമാർ ആർ.എൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
4. ശ്രീ.അനു എസ്.നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം
5. ശ്രീമതി പൂർണ്ണ എസ്.വൈ , ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (admin), ജലസേചന വകുപ്പ്
6. ശ്രീ.മോബി ജെ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ആലപ്പുഴ
7. ശ്രീ.രഞ്ജൻ രാജ് ആർ.പി, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്



Generated from eOffice by JAYASREE B S, ASST (M2) REV, ASST (M2) REV, RD on 30/01/2024 12:14 PM